REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി:** **09-04-2025** **സമയം** **12.30 PM**

---

## പ്രധാന വാർത്തകൾ

- **ഇന്ത്യയിൽ നിർമ്മിക്കുന്ന ഉത്പന്നങ്ങൾ വാങ്ങാനും മറ്റുള്ളവരെ അതിന് പ്രേരിപ്പിക്കാനും ആഹ്വാനം ചെയ്ത് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **റിപ്പോ നിരക്ക് കാൽ ശതമാനം കുറച്ച് റിസർവ് ബാങ്കിന്റെ പുതിയ സാമ്പത്തിക വർഷത്തെ ആദ്യ വായ്പാനയം.**
- **വൃത്തി കോൺക്ലേവ് വൈകീട്ട് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും.**
- **വയനാട്ടിലെ ആദ്യ പോസ്റ്റ് ഓഫീസ് പാസ്പോർട്ട് സേവാ കേന്ദ്രം കേന്ദ്ര സഹമന്ത്രി കീർത്തി വർധൻ സിംഗ് ഉദ്ഘാടനം ചെയ്തു.**
- **മലനാട് മലബാർ റിവർക്രൂസ് പദ്ധതിയുടെ ഭാഗമായ ബോട്ട് ടെർമിനലുകൾ അന്തിമ ഘട്ടത്തിൽ.**

## വാർത്തകൾ വിശദമായി

ഇന്ത്യയിൽ നിർമ്മിക്കുന്ന ഉത്പന്നങ്ങൾ കൂടുതലായി പ്രോത്സാഹിപ്പിക്കാനും മറ്റുള്ളവരെ അവ വാങ്ങാൻ പ്രേരിപ്പിക്കാനും തയ്യാറാകണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി ആഹ്വാനം ചെയ്തു. ആഭ്യന്തര ഉത്പന്നങ്ങൾ ആഗോളതലത്തിലെത്തിക്കാനും ശ്രമമുണ്ടാകണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. ന്യൂഡൽഹിയിൽ നവ്കർ മഹാമന്ത്ര ദിവസ് പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു പ്രധാനമന്ത്രി. വികസിത ഇന്ത്യയെന്ന ലക്ഷ്യം കൈവരിക്കാൻ ഒൻപത് പ്രതിജ്ഞകളെടുക്കാനും അദ്ദേഹം ജനങ്ങളോടാവശ്യപ്പെട്ടു.

ജലസംരക്ഷണം, പെറ്റമ്മയുടെ പേരിൽ ഒരു മരം, ശുചിത്വദൗത്യം, പ്രാദേശിക ഉത്പന്നങ്ങൾക്ക് പ്രാധാന്യം, ആഭ്യന്തര ടൂറിസം, പ്രകൃതികൃഷി, ആരോഗ്യശീലങ്ങൾ, യോഗയും കായിക ഇനങ്ങളും, പാവങ്ങളെ സഹായിക്കൽ എന്നിവയാണ് ഈ പ്രതിജ്ഞകൾ. ജൈനമതം അനുവർത്തിച്ചുപോരുന്ന ശീലങ്ങളിലൂടെ കാലാവസ്ഥാ വ്യതിയാനത്തിന്റെ വെല്ലുവിളികൾ മറികടക്കണമെന്നും അതിന് സുസ്ഥിര ജീവിതശൈലി പിന്തുടരണമെന്നും പ്രധാനമന്ത്രി പറഞ്ഞു.

✪✪✪

റിസർവ് ബാങ്ക് പുതിയ സാമ്പത്തിക വർഷത്തെ ആദ്യ വായ്പാനയം പ്രഖ്യാപിച്ചു. അടിസ്ഥാന പലിശ നിരക്കായ റിപ്പോ കാൽ ശതമാനം കുറച്ചു. ഇതോടെ നിരക്ക് ആറ് ശതമാനമായി. ഇത് രണ്ടാം തവണയാണ് തുടർച്ചയായി പലിശ റിപ്പോ നിരക്ക് കുറയ്ക്കുന്നത്. ആറംഗ നയസമിതി നിരക്ക് കുറയ്ക്കാൻ ഏകകണ്ഠമായി ആവശ്യപ്പെടുകയായിരുന്നു വെന്ന് RBI ഗവർണർ സഞ്ജയ് മൽഹോത്ര പറഞ്ഞു. നടപ്പുവർഷത്തെ ആഭ്യന്തര വളർച്ചാ നിരക്ക് ആറര ശതമാനമായും പുതുക്കി. നേരത്തെ 6.7 ശതമാനമായിരുന്നു നിരക്ക് കണക്കാക്കിയിരുന്നത്.

✪✪✪

നിർമ്മിതബുദ്ധി എന്നത് പുതിയ വ്യാവസായിക വിപ്ലവമാണെന്ന് കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു. ഡിജിറ്റൽ പൊതു അടിസ്ഥാന സൗകര്യങ്ങളുമായി AI സംയോജിപ്പിക്കുന്നതിന് ആശയങ്ങൾ പങ്കിടാൻ അദ്ദേഹം അഭ്യർത്ഥിച്ചു. യുണീക്ക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ ന്യൂഡൽഹിയിൽ സംഘടിപ്പിച്ച ഒരു ദിവസത്തെ മീറ്റ് ഉദ്ഘാടനം ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി.

✪✪✪

വഖഫ് ബില്ലിന് വലിയ പിന്തുണ ലഭിക്കുന്നുണ്ടെന്ന് കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ പറഞ്ഞു. കശ്മീരിൽ കഴിഞ്ഞ ദിവസം സന്ദർശനം നടത്തിയപ്പോൾ വ്യാപകമായ പിന്തുണയാണ് ബോധ്യമായതെന്നും, പ്രതിപക്ഷം ഉദ്ദേശിച്ച പോലെ എതിരഭിപ്രായം ഉണ്ടായിട്ടില്ലെന്നും ജോർജ് കുര്യൻ അറിയിച്ചു.

✪✪✪

പാതി വില തട്ടിപ്പ് കേസിൽ സായിഗ്രാം ട്രസ്റ്റ് ചെയർമാൻ KN ആനന്ദ് കുമാറിന്റെ ജാമ്യാപേക്ഷ ഹൈക്കോടതി തള്ളി. മൂവാറ്റുപുഴ പൊലീസ് രജിസ്റ്റർ ചെയ്ത കേസിൽ, ജസ്റ്റിസ് P വി കുഞ്ഞികൃഷ്ണൻ അധ്യക്ഷനായ സിംഗിൾ

ബെഞ്ചിന്റേതാണ് നടപടി. നിലവിൽ ജയിലിൽ ജുഡീഷ്യൽ കസ്റ്റഡിയിൽ റിമാൻഡിൽ കഴിയുകയാണ് ആനന്ദ് കുമാർ.

✪✪✪

മാലിന്യമുക്തം നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി സംസ്ഥാന ഗവൺമെന്റ് സംഘടിപ്പിക്കുന്ന വൃത്തി കോൺക്ലേവ് വൈകീട്ട് തിരുവനന്തപുരം നിശാഗന്ധിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. കനകക്കുന്നിലെ അഞ്ച് ദിവസത്തെ കോൺക്ലേവ് മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ വിശദമായ ചർച്ച ചെയ്യും.

ഏഴു മേഖലകളിൽ 60 സെഷനുകളിലായി ഇരുനൂറോളം വിദഗ്ദ്ധർ വൃത്തി കോൺക്ലേവിൽ ആശയങ്ങൾ പങ്കുവയ്ക്കും. സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്ഥാപനങ്ങളിലേയും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പരിപാടിയിൽ സംബന്ധിക്കും. ശനിയാഴ്ച വൈകിട്ട് സമാപന സമ്മേളനം ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഉദ്ഘാടനം ചെയ്യും.

✪✪✪

വിഴിഞ്ഞം തുറമുഖത്തിന് കേന്ദ്രഗവണ്മെന്റിന്റെ 817 കോടി 80 ലക്ഷം രൂപ വയബിലിറ്റി ഗ്യാപ് ഫണ്ട് സ്വീകരിക്കുന്നതിന് കരാർ ഇന്ന് ഒപ്പിടുമെന്ന് മന്ത്രി VN വാസവൻ അറിയിച്ചു.

കേന്ദ്ര ഗവണ്മെന്റ്, അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ്, ബാങ്ക് കൺസോർഷ്യം എന്നിവരുമായി ത്രികക്ഷി കരാറാണ് ആദ്യത്തേത്. തുറമുഖ വരുമാനത്തിന്റെ 20 ശതമാനം കേന്ദ്ര ഗവൺമെന്റുമായി പങ്കിടുന്നതുമായി ബന്ധപ്പെട്ടാണ് രണ്ടാമത്തെ കരാർ. ഇതിൽ ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ ഒപ്പിടും.

✪✪✪

ലോകത്തെ ഏറ്റവും വലിയ ചരക്ക് കപ്പൽ MSC തുർക്കി ഉച്ചകഴിഞ്ഞ് വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് എത്തും. യൂറോപ്പ് പ്രതിവാര ജേഡ് സെർവീസിന്റെ ഭാഗമായാണ് കപ്പൽ വിഴിഞ്ഞത്ത് എത്തുന്നത്. പ്രതിവർഷം 2 ലക്ഷം കണ്ടെയ്നറുകൾ വരെ കൈകാര്യം ചെയ്യാൻ കഴിയുന്ന കപ്പൽ സിങ്കപ്പൂരിൽ നിന്നാണ് വിഴിഞ്ഞത്ത് എത്തുന്നത്.

✪✪✪

അമേരിക്കൻ പ്രസിഡണ്ട് ഡൊണാൾഡ് ട്രംപ് ഇന്ത്യൻ ഉത്പന്നങ്ങൾക്ക് ഏർപ്പെടുത്തിയ 26 ശതമാനം പകരതീരുവ നിലവിൽ വന്നു. ഈ മാസം മൂന്നിനാണ് ചൈനയ്ക്കും വിയറ്റ്നാമിനും, തെയ്വാനും,

ദക്ഷിണകൊറിയയ്ക്കും, ജപ്പാനും, യൂറോപ്യൻ യൂണിയനും മേൽ ഇറക്കുമതിയ്ക്ക് അധികതീരുവ ചുമത്തിയത്. ചൈനീസ് നിർമ്മിത ഉത്പന്നങ്ങൾക്ക് 104 ശതമാനമാണ് അധിക തീരുവ.

✪✪✪

കോൺഗ്രസ് ദേശീയ സമ്മേളനത്തിന് ഗുജറാത്തിലെ അഹമ്മദാബാദിൽ തുടക്കമായി. സമ്മേളനം ഇന്ന് രണ്ട് പ്രമേയങ്ങൾ ചർച്ച ചെയ്യും. ദേശീയ രാഷ്ട്രീയത്തിലെ പ്രധാന പ്രശ്നങ്ങളും, ഗുജറാത്തിലെ രാഷ്ട്രീയ സാഹചര്യവുമാണ് പ്രമേയങ്ങളായി അവതരിപ്പിക്കുന്നത്.

മുതിർന്ന പാർട്ടി നേതാക്കളും കോൺഗ്രസ് മുഖ്യമന്ത്രിമാരും സംസ്ഥാന പ്രസിഡന്റുമാരും പ്രവർത്തക സമിതി അംഗങ്ങളും പ്രത്യേക ക്ഷണിതാക്കളുമുൾപ്പെടെ 3,000-ത്തോളം പ്രതിനിധികളാണ് സമ്മേളനത്തിൽ പങ്കെടുക്കുന്നത്.

✪✪✪

സെക്രട്ടേറിയറ്റിനു മുന്നിൽ ആശമാരുടെ രാപ്പകൽ സമരം ഇന്ന് 59-ാം ദിവസത്തിലേയ്ക്കു കടന്നു. അനിശ്ചികാല നിരാഹാര സമരം 21-ാം ദിവസത്തിലേക്കും പ്രവേശിച്ചു.

✪✪✪

വയനാട് ജില്ലയിലെ ആദ്യ പോസ്റ്റ് ഓഫീസ് പാസ്പോർട്ട് സേവാ കേന്ദ്രം വയനാടിന് ഏറെ ഗുണകരമാകുമെന്ന് കേന്ദ്ര സഹമന്ത്രി കീർത്തി വർധൻ സിംഗ് പറഞ്ഞു. കല്പറ്റയിൽ പാസ്പോർട്ട് സേവാ കേന്ദ്രം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. രാജ്യത്ത് എല്ലാവർക്കും സേവനം ലഭ്യമാക്കുകയെന്ന കേന്ദ്ര ലക്ഷ്യത്തിന്റെ ഭാഗമായാണ് പിന്നാക്ക ജില്ലയായ വയനാട്ടിൽ പാസ്പോർട്ട് കേന്ദ്രം സ്ഥാപിക്കുന്നതെന്നും സഹമന്ത്രി പറഞ്ഞു. പാസ്പോർട്ടിനും അനുബന്ധ സേവനങ്ങൾക്കുമായി അയൽ ജില്ലകളിലേക്ക് ദീർഘദൂരം സഞ്ചരിക്കേണ്ടി വന്നിരുന്ന പ്രശ്നത്തിന് ഇതിലൂടെ പരിഹാരം ആകുമെന്നും മന്ത്രി പറഞ്ഞു. കേന്ദ്ര മന്ത്രി ജോർജ് കുര്യൻ ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തി.

കല്പറ്റ ഹെഡ്പോസ്റ്റോഫീസിൽ പ്രവർത്തനം ആരംഭിക്കുന്ന പാസ്പോർട്ട് സേവാ കേന്ദ്രം തുടക്കത്തിൽ ഓരോ ദിവസവും 50 അപേക്ഷകർക്ക് സേവനം ലഭ്യാക്കും. പൂർണമായി പ്രവർത്തന ക്ഷമമാകുമ്പോൾ 120 അപേക്ഷകൾ വരെ കൈകാര്യം ചെയ്യാൻ ഓഫീസിന് കഴിയും. കോഴിക്കോട്ടെ റീജിണൽ പാസ്പോർട്ട് ഓഫീസിന്റെ കീഴിലാണ് കല്പറ്റ കേന്ദ്രത്തിന്റെ പ്രവർത്തനം.

✪✪✪

ശുചിത്വസാഗരം, സുന്ദര തീരം പദ്ധതിയുടെ രണ്ടാംഘട്ടത്തിന്റെ ഭാഗമായി മറ്റന്നാൾ സംസ്ഥാനത്തെ 590 കിലോമീറ്റർ തീരപ്രദേശത്ത് ഏകദിന ജനകീയ പ്ലാസ്റ്റിക് നിർമ്മാർജ്ജന യജ്ഞം സംഘടിപ്പിക്കുമെന്ന് മന്ത്രി സജി ചെറിയാൻ ആലപ്പുഴയിൽ പറഞ്ഞു. രാവിലെ 8 മുതൽ 11 വരെ സംഘടിപ്പിക്കുന്ന പ്ലാസ്റ്റിക് നിർമാർജന യജ്ഞത്തിൽ 12,000 സന്നദ്ധപ്രവർത്തകരും പൊതുജനങ്ങളും ഉദ്യോഗസ്ഥരും പങ്കെടുക്കും.

സംസ്ഥാനതല ശുചീകരണം മറ്റന്നാൾ രാവിലെ തിരുവനന്തപുരം ശംഖുമുഖം ബീച്ചിൽ മന്ത്രി MB രാജേഷ്  ഉദ്ഘാടനം ചെയ്യും.

✪✪✪

IPL ട്വന്റി-20 ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ് രാജസ്ഥാൻ റോയൽസിനെ നേരിടും. അഹമ്മദാബാദിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

സംസ്ഥാന ടൂറിസം വകുപ്പ് സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര സർഫിങ് ഫെസ്റ്റിവലിന്റെ രണ്ടാം പതിപ്പ് നാളെ മന്ത്രി PA മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യും. തിരുവനന്തപുരം  വർക്കലയിൽ ഈ മാസം 13 വരെയാണ് ഫെസ്റ്റിവൽ. ദേശീയ, അന്തർദേശീയ വിഭാഗങ്ങളിലായി 60-ൽ പരം മത്സരാർത്ഥികളാണ് പങ്കെടുക്കുന്നത്.

✪✪✪

ചൈനയിൽ ബാഡ്മിന്റൺ ഏഷ്യ ചാമ്പ്യൻഷിപ്പ് മിക്സഡ് ഡബിൾസിൽ ഇന്ത്യയുടെ ധ്രുവ് കപിലയും, തനിഷ ക്രസ്റ്റോയും പ്രീ ക്വാർട്ടറിൽ കടന്നു. ഇന്ത്യയുടെ തന്നെ അഷിത് സൂര്യയും അമൃത പ്രമുതേഷും പ്രീ ക്വാർട്ടറിൽ പ്രവേശിച്ചിട്ടുണ്ട്.

ഇന്ന് PV സിന്ധുവും, ലക്ഷ്യ സെന്നും മത്സരിക്കും.

✪✪✪

സംസ്ഥാന കളരിപ്പയറ്റ് ചാമ്പ്യൻഷിപ്പ് മറ്റന്നാൾ തിരുവനന്തപുരത്ത് തുടങ്ങും. സംസ്ഥാന യുവജന ബോർഡും, സ്പോർട്സ് കളരിപ്പയറ്റ് അസോസിയേഷനും ചേർന്നാണ് ചാമ്പ്യൻഷിപ്പ് സംഘടിപ്പിക്കുന്നത്. സെൻട്രൽ സ്റ്റേഡിയത്തിൽ മന്ത്രി V ശിവൻകുട്ടി  മത്സരങ്ങൾ ഉദ്ഘാടനം ചെയ്യും.

✪✪✪

കൊച്ചി വെല്ലിങ്ടൺ ഐലൻഡിൽ ആരംഭിച്ച അഖിലേന്ത്യ മേജർ  പോർട്ട്സ് വോളിബോൾ, ബീച്ച് വോളിബോൾ ചാമ്പ്യൻഷിപ്പ് കൊച്ചിൻ പോർട്ട് അതോറിറ്റി

ചെയർമാൻ കാശി വിശ്വനാഥൻ ഉദ്ഘാടനം ചെയ്തു. കൊച്ചിക്ക് പുറമെ എട്ട് തുറമുഖ ടീമുകളും ചാമ്പ്യൻഷിപ്പിൽ പങ്കെടുക്കുന്നുണ്ട്.

✪✪✪

കേന്ദ്ര സഹായത്തോടെ നടപ്പാക്കുന്ന മലനാട് മലബാർ റിവർക്രൂസ് പദ്ധതിയുടെ ഭാഗമായ ബോട്ട് ടെർമിനലുകൾ പൂർത്തിയാവുന്നു. വേനലവധി കണക്കിലെടുത്ത് ഈ മാസം തന്നെ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പ്രവർത്തനം തുടങ്ങാൻ ആണ് ലക്ഷ്യമിടുന്നത്.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O ശശിധരൻ....

....(വോയ്സ്).......

✪✪✪

സംസ്ഥാനത്ത് ഇന്ന് 12 ജില്ലകളിൽ താപനില ഉയരാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പു നൽകി. ഇടുക്കി, വയനാട് ഒഴികെ ജില്ലകളിലാണ് മുന്നറിയിപ്പ്.

കൊല്ലം, പാലക്കാട്, തൃശ്ശൂർ ജില്ലകളിൽ ഇന്ന് ഉയർന്ന താപനില 37 ഡിഗ്രി വരെയും, തിരുവനന്തപുരം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ 36 ഡിഗ്രി വരെയും ഉയരാൻ സാധ്യതയുണ്ട്.

ഇടുക്കി, വയനാട് ജില്ലകളിൽ 34 ഡിഗ്രി സെൽഷ്യസ് വരെയാകും താപനില.

✪✪✪

സ്വർണ്ണവില ഇന്ന് വർധിച്ചു. പവന് 520 രൂപ കൂടി 66,320 ലെത്തി. 8,290 രൂപയാണ് ഗ്രാമിന്.

✪✪✪

---

*News Reader: സയ്യിദ് അലി ശിഹാബ്*
*News Team: അനിൽചന്ദ്രൻ, അനുഷ ആത്മപ്രകാശ്,*
*DEO: ഷീബ*